4261/ എൽ/ കെ എസ് എച്ച് ഒ 12/07/2017

# വൾണറബിലിറ്റി മാപ്പിംഗ്

- വൾണറബിലിറ്റി മാപ്പിംഗ് പ്രവർത്തനം 140 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.
- എല്ലാ ജില്ലകളിൽ നിന്നും പത്ത് വീതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്താണ് ഈ പ്രവർത്തനം നടത്തേണ്ടത്.
- തിരഞ്ഞെടുത്ത സി ഡി എസ്സുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രവർത്തനലക്ഷ്യം ആവശ്യകത എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒരു യോഗം നടത്തി അറിയിക്കാവുന്നതാണ്.
- ജില്ലാതലത്തിൽ കോർ ടീം അംഗങ്ങൾ, ജില്ലാ റിസോഴ്സ്പേഴ്സൺമാർ, സപ്പോർട്ടിംഗ് ടീം അംഗങ്ങൾ, ജനപ്രതിനിധികൾ എന്നിവർക്കുള്ള പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.
- സി ഡി എസ്സ് തലത്തിൽ 4 റിസോഴ്സ്പേഴ്സൺമാരെ തിരഞ്ഞെടുത്ത് പ്രത്യേക പരിശീലനവും ഫോം പരിചയപ്പെടുത്തലും നടക്കണം. ഇതോടൊപ്പം മൂന്ന് വാർഡുകളിലേക്ക് ഒരു റിസോഴ്സ്പേഴ്സൺ എന്ന നിലയിൽ വാർഡ് തല റിസോഴ്സ്പേഴ്സൺമാരെയും ഒരു സി ഡി എസ്സിലേക്ക് സന്നദ്ധ സേവകരായ പത്ത് പേരെയും കണ്ടെത്തേണ്ടതുണ്ട്. സന്നദ്ധസേവകരെ കണ്ടെത്തുമ്പോൾ സാമൂഹ്യ പ്രവർത്തകർ റിട്ടയേർഡ് ഉദ്യോഗസ്ഥർ എന്നിവർക്ക് പ്രാമുഖ്യം നൽകാവുന്നതാണ്. പുരുഷൻമാരേയും പരിഗണിക്കാവുന്നതാണ്.
- റിസോഴ്സ്പേഴ്സൺമാർക്ക് ഒരു ദിവസം പൂർണ്ണ സമയം പ്രവർത്തനത്തിൽ ഏർപ്പെടുകയും നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഉൾപ്പെടെ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ ജെൻഡറിന് സമർപ്പിക്കുകയും ചെയ്യുന്ന പക്ഷം 500 രൂപ ഹോണറേറിയവും യഥാർത്ഥ യാത്രാ ബത്തയും അനുവദിക്കാവുന്നതാണ്.
- വൾണറബിലിറ്റി മാപ്പിംഗിനായി തിരഞ്ഞെടുക്കപ്പെട്ട സി ഡി എസ്സുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിളബംരജാഥ പോലുള്ള ക്യാംപെയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. പ്രസ്തുത ആവശ്യത്തിനായി കുടുംബശ്രീ ഫണ്ടിന് പകരമായി സ്പോൺസർഷിപ്പ് വഴി തുക സമാഹരിക്കേണ്ടതാണ്.
- പദ്ധതി പ്രവർത്തനത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സംയോജിത മീറ്റിംഗ് സംഘടിപ്പിക്കുകയും പദ്ധതിയുടെ പ്രവർത്തനലക്ഷ്യം ആവശ്യകത എന്നിവ സംബന്ധിച്ച അറിവുകൾ നൽകി പ്രവർത്തനത്തിൽ പങ്കാളികളാക്കാൻ ശ്രമിക്കേണ്ടതുമാണ്.

- വൾണറബിലിറ്റി മാപ്പിംഗ് പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ഫോറങ്ങൾ ജില്ലാതലത്തിൽ പ്രിന്റ് ചെയ്ത് വിതരണം നടത്തേണ്ടതുണ്ട്.
- പ്രാഥമിക വിവരശേഖരണം നടത്തേണ്ടത് അയൽക്കൂട്ടങ്ങളിൽ/അയൽസഭകളിലാണ്. ദ്വിദീയ വിവരശേഖരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അനുബന്ധസ്ഥാപനങ്ങളിലുമാണ്. തദ്ദേശസ്വയംഭരണ തലത്തിലുള്ള സ്ഥാപനങ്ങളിലാണ് സ്ഥാപന വിശകലനം നടത്തേണ്ടത്. ഇതോടൊപ്പം ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ ആവശ്യമായ വിഷയങ്ങളിൽ സംഘടിപ്പിക്കുകയും വേണം. ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കും മുകളിൽ സൂചിപ്പിച്ച മറ്റ് ഡാറ്റ ശേഖരണത്തിനും ജില്ലാ മിഷൻ വൾണറബിലിറ്റി മാപ്പിംഗ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.
- വിവരശേഖരണത്തിന് ശേഷം പ്രസ്തുത വിവരങ്ങൾ റിസോഴ്സ്പേഴ്സൺമാരുടെ സഹകരണത്തോടെ ക്രോഡീകരിക്കുകയും വിട്ടു പോയ വിവരങ്ങൾ അതത് അവസരങ്ങളിൽ തന്നെ ശേഖരിച്ച് റിപ്പോർട്ട് രൂപീകരണം പൂർത്തിയാക്കേണ്ടതുമാണ്.
- സോഫ്റ്റ്വെയർ രൂപീകരിക്കുന്ന മുറയ്ക്ക് വിവരങ്ങൾ ചേർത്ത് റിപ്പോർട്ട് അന്തിമമാക്കാവുന്നതാണ്.
- ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണതലങ്ങളിൽ നടപ്പിലാക്കാവുന്ന പ്രോജക്ടുകൾ തയ്യാറാക്കുകയും കരട് റിപ്പോർട്ടും പ്രോജക്ട് നിർദ്ദേശവും ജനപ്രതിനിധികൾ മുമ്പാകെ അവതരിപ്പിച്ച് നിർദ്ദേശങ്ങൾ സ്വീകരിച്ചായിരിക്കണം റിപ്പോർട്ടുകൾ അന്തിമമാക്കേണ്ടത്.
- ആഗസ്റ്റ് 15 2017 ന് മുൻപായി പരിശീലനങ്ങൾ പൂർത്തിയാക്കേണ്ടതും നവംബർ 15 ന് മുൻപായി വിവരശേഖരണം പൂർത്തിയാക്കേണ്ടതുമാണ്.
- 2017 ഡിസംബർ 30 ന് മുൻപായി റിപ്പോർട്ട് പൂർത്തീയാക്കണം.
- റിപ്പോർട്ട് രൂപീകരണം വരെയുള്ള മുഴുവൻ പ്രവർത്തനങ്ങളും ജില്ലാ മിഷനിൽ ജെൻഡർ ശീർഷകത്തിൽ നിന്ന് ചിലവഴിക്കാവുന്നതാണ്. ആവശ്യമെന്ന് തോന്നുന്ന പക്ഷം സി ഡി എസ്സുകൾക്ക് പ്രവർത്തനത്തിനാവശ്യമായ തുക മുൻകൂറായി അനുവദിക്കാവുന്നതാണ്. എന്നാൽ പ്രവർത്തനപൂർത്തീകരണത്തിന് ശേഷം ഒരാഴ്ചക്കുള്ളിൽ പ്രസ്തുത തുക ജില്ല മിഷനിൽ ആവശ്യമായ രേഖകൾ സമർപ്പിച്ച് ക്രമീകരിക്കേണ്ടതാണ്.

**പ്രവർത്തനത്തിനായി ചിലവഴിക്കാവുന്നതുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടേ ചേർക്കുന്നു.**

| നം | ഇനം | എണ്ണം | ചിലവഴിക്കാവുന്ന തുക |
|---|---|---|---|
| 1 | ജില്ലാതല പരിശീലനം | 120*14 | 300/വ്യക്തി |
| 2 | സി ഡിഎസ് തല പരിശീലനം | 75*140 | 220/വ്യക്തി |
| 3 | എ ഡി എസ് പരിശീലനം ഫോം പ്രിന്റിംഗ്, വിവരശേഖരണം | 14 | 620000/ജില്ല |
| 4 | വിവരങ്ങളുടെ ക്രോഡീകരണം റിപ്പോർട്ട് തയ്യാറാക്കൽ | 14 | 100000/ജില്ല |

റിസോഴ്സ്പേഴ്സൺമാരുടെ ഹോണറേറിയം ടി എ ഉൾപ്പെടെ ചിലവഴിക്കാവുന്നതുകയാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. ജില്ലാ തല പരിശീലന നേതൃത്വത്തിനായി റിസോഴ്സ് പേഴ്സൺമാരെ ഉപയോഗിക്കുന്നുണ്ടെങ്കിലും പ്രസ്തുത തുകയിൽ നിന്ന് വകയിരുത്തേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച പ്രകാരം വൾണറബിലിറ്റി മാപ്പിംഗുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി ഒരു ജില്ലയ്ക്ക് പരമാവധി ചിലവഴിക്കാവുന്ന **തുക 921000/- (ഒൻപത്ലക്ഷത്തി ഇരുപത്തിയൊന്നായിരം രൂപ മാത്രം)**ആണ്.

ഡയറക്ടർ(എ&എഫ്)

എക്സിക്യൂട്ടീവ് ഡയറക്ടർക്ക് വേണ്ടി

കുടുംബശ്രീ